12465
26/9/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് പത്തനംതിട്ട - ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 577/2015/സാനീവ    തിരുവനന്തപുരം, തീയതി, 15.09.2015

===============================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 11.08.2015 - ലെ സി3 - 30321/15 നമ്പർ കത്ത്

## ഉത്തരവ്

പത്തനംതിട്ട ഐസിഡിഎസ് ഓഫീസിലെ കെ എൽ - 03 എഫ് 5714-ാം നമ്പർ മഹീന്ദ്ര ജീപ്പിന് അറ്റകുറ്റപ്പണി ഇനത്തിൽ 13176/- രൂപയും സ്പെയർ പാർട്ട്സിനത്തിൽ 11600/- രൂപയും ഉൾപ്പെടെ ആകെ 24776/- രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ഐസിഡിഎസ് ഓഫീസിലെ കെ എൽ - 03 എഫ് 5714-ാം നമ്പർ ഔദ്യോഗിക വാഹനത്തിന് അറ്റകുറ്റപ്പണികൾക്കായി 13176/- രൂപയും സ്പെയർ പാർട്ട്സിനത്തിൽ 11600/- രൂപയും ഉൾപ്പെടെ ആകെ 24776/- രൂപ (ഇരുപത്തി നാലായിരത്തി എഴുന്നൂറ്റി എഴുപത്തി ആറ് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ 2235-02-102-98 –01 (പ്ലാൻ) (21) MV (2) R&M എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ടെസ്സി.പി.ജോസ്**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറിക്കുവേണ്ടി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയാ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ